# പ്രളയബാധിതർക്ക് കൈത്താങ്ങാണ് ഇവർ

പാലക്കാട്● ജനിച്ച നാളു മുതൽ ദുരിതം പേറുന്നവരാണ്, ജീവിതത്തെ ചിരിച്ച് തോൽപ്പിക്കുന്നവർ. അവർ പ്രളത്തിൽനിന്ന് കരകയറുന്നവർക്ക് കൈത്താങ്ങാവുകയാണ്. പ്രളയബാധിതരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി മണ്ണാർക്കാട് ഫെയ്ത്ത് ഇന്ത്യ സ്പെഷൽ സ്കൂളിലെ കുട്ടികൾ മാതൃകയായി. വിദ്യാർഥികളും അധ്യാപകരും ജീവനക്കാരും മാനേജ്മെന്റും ചേർന്നാണ് തുക കണ്ടെത്തിയത്. ചികിത്സയ്ക്കും മറ്റുമായി എല്ലാ മാസവും നല്ലൊരു തുക ചെലവാക്കുന്നവരാണ് വിദ്യാർഥികളിൽ ഭൂരിഭാഗവും. എന്നിട്ടും കരയുന്ന കേരളത്തെ സഹായിക്കാൻ അവർ തീരുമാനിച്ചു. രക്ഷിതാക്കളും പൂർണ പിന്തുണ നൽകി. ആഴ്ചകൾകൊണ്ട് പണ സമാഹരണം പൂർത്തിയായി. ജില്ലാ കലക്ടറേറ്റിൽ മന്ത്രി എ.കെ. ബാലന് ഒരു ലക്ഷം രൂപ വിദ്യാർഥികൾ കൈമാറി. അവശതകൾക്കിടയിലും തുക കൈമാറാൻ മുഴുവൻ വിദ്യാർഥികളും എത്തി. വിദ്യാർഥികളുടെ ശ്രമത്തെ മന്ത്രി അഭിനന്ദിച്ചു.